# കേരള സർവകലാശാല

നം.പി.ആർ.111/2019

**ഫോൺ: 2305738**
**9446173605**

# പത്രക്കുറിപ്പ്

## പരീക്ഷാഫലം

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി പരീക്ഷാ ഫലം വെബ്സൈറ്റിൽ.

2019 ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബി.വോക് ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (2016 അഡ്മിഷൻ റെഗുലർ, 2014 & 2015 അഡ്മിഷൻ സപ്ലിമെന്ററി) (352) കോഴ്സിന്റെ പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 12 വരെ അപേക്ഷിക്കാം.

2019 ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എസ്.സി (സി.ബി.സി.എസ്.എസ്) (2016 അഡ്മിഷൻ റെഗുലർ, 2013, 14, 15 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷാ ഫലം വെബ്സൈറ്റിൽ. പുനഃപരിശോധനയ്ക്ക് ഓൺലൈനായി ജൂൺ 12 വരെ അപേക്ഷിക്കാം.

കരിയർ റിലേറ്റഡ് സി.ബി.സി.എസ് ബി.സി.എ, ബി.എസ്.സി ഇലക്ട്രോണിക്സ് എന്നീ പ്രോഗ്രാമുകളുടെ 2018 ഡിസംബറിൽ നടന്ന (റെഗുലർ/സപ്ലിമെന്ററി) പരീക്ഷാ ഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി ജൂൺ 4 വരെ അപേക്ഷിക്കാം.

2019 ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബി.എ കമ്മ്യൂണിക്കേറ്റീവ് അറബിക്, ബി.എ മലയാളം ആന്റ് മാസ് കമ്മ്യൂണിക്കേഷൻ, ബി.എ ജേർണലിസം ആന്റ് മാസ് കമ്മ്യൂണിക്കേഷൻ ആന്റ് വീഡിയോ പ്രൊഡക്ഷൻ പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 12 വരെ അപേക്ഷിക്കാം.

2018 ഡിസംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.എ മലയാളം ആന്റ് മാസ് കമ്മ്യൂണിക്കേഷൻ (2013 അഡ്മിഷൻ മുതൽ) പരീക്ഷാഫലം വെബ്സൈറ്റിൽ.

പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 4 വരെ അപേക്ഷിക്കാം.

2019 ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എ (എഫ്. ഡി. പി- സി.ബി.സി.എസ് 2013 അഡ്മിഷൻ മുതൽ 2016 അഡ്മിഷൻ വരെ) പരീക്ഷാഫലം.പ്രസിദ്ധീകരിച്ചു.സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും ഓൺലൈനായി 12.06.2019 വരെ അപേക്ഷിക്കാം. വിശദവിവരം വെബ്സൈറ്റിൽ

## പരീക്ഷാഫീസ്

ഏഴാം സെമസ്റ്റർ ബി.ടെക് (2008/2013 സ്കീം) ജൂലൈ 2019 സപ്ലിമെന്ററി പരീക്ഷകൾക്ക് പിഴകൂടാതെ ജൂൺ 3 വരെയും 50 രൂപ പിഴയോടെ ജൂൺ 7 വരെയും 125 രൂപ പിഴയോടെ ജൂൺ 10 വരെയും ഓൺലൈനായി അപേക്ഷിക്കാം. സെഷണൽ ഇംപ്രൂവ്മെന്റ് വിദ്യാർത്ഥികളും 2007 അഡ്മിഷൻ വരെയുള്ള മേഴ്സിചാൻസ് വിദ്യാർത്ഥികളും സർവകലാശാലയിൽ നേരിട്ട് അപേക്ഷ സമർപ്പിക്കണം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

ആറാം സെമസ്റ്റർ (ത്രിവത്സരം) & പത്താം സെമസ്റ്റർ (പഞ്ചവത്സരം) (2011–12 അഡ്മിഷന് മുൻപുള്ളത്) എൽ.എൽ.ബി പരീക്ഷകൾ ജൂൺ 26 ന് ആരംഭിക്കുന്നതാണ്. (2007, 2008 & 2009 അഡ്മിഷൻ ) (ത്രിവത്സരം), (2005, 2006 & 2007 അഡ്മിഷൻ) (പഞ്ചവത്സരം) വിദ്യാർത്ഥികൾ 4000 രൂപ മേഴ്സിചാൻസ് ഫീസിനത്തിലും 300 രൂപ സി.വി ക്യാമ്പ് ഫീസിനത്തിലും, (2004, 2005 & 2006 അഡ്മിഷൻ) (ത്രിവത്സരം), (2002, 2003, 2004 അഡ്മിഷൻ) (പഞ്ചവത്സരം) വിദ്യാർത്ഥികൾ 7500 രൂപ മേഴ്സിചാൻസ് ഫീസിനത്തിലും 300 രൂപ സി.വി ക്യാമ്പ് ഫീസിനത്തിലും അടയ്ക്കേണ്ടതാണ്. മൂന്നിൽ കൂടുതൽ പേപ്പർ ഉണ്ടെങ്കിൽ ഓരോ പേപ്പറിനും 2500 രൂപ വീതം അടയ്ക്കേണ്ടതാണ്. പിഴകൂടാതെ ജൂൺ 1 വരെയും 50 രൂപ പിഴയോടെ ജൂൺ 7 വരെയും 125 രൂപ പിഴയോടെ ജൂൺ 10 വരെയും അപേക്ഷിക്കാം.

## ഒന്നാം വർഷ ബിരുദ പ്രവേശനം 2019
## ഓൺലൈൻ അപേക്ഷയിൽ തിരുത്തലിന് അവസരം

2019–2020 അദ്ധ്യയന വർഷത്തെ ഒന്നാം വർഷ ബിരുദ പ്രോഗ്രാമുകളിലേയ്ക്കുള്ള പ്രവേശനത്തിനുള്ള ഓൺലൈൻ അപേക്ഷയിൽ തിരുത്തലുകൾ വരുത്തുവാൻ അവസരം നൽകുന്നു. ജനന തീയതി, കാറ്റഗറി, പാസ്സായ വർഷം, ചാൻസ്, മാർക്കുകൾ, കോളേജുകളും കോഴ്സുകളും എന്നിവയിൽ മെയ് 25 മുതൽ ജൂൺ 1 വരെ വിദ്യാർത്ഥികൾക്ക് തിരുത്തലുകൾ വരുത്താവുന്നതാണ്. തിരുത്തലുകൾ വരുത്തികഴിഞ്ഞ് ഓപ്ഷനുകൾ ക്രമമനുസരിച്ച് രേഖപ്പെടുത്തിയിട്ടുണ്ടോ എന്നും മറ്റും പരിശോധിച്ച് 'Save and Refresh' നൽകി 'Submit' ചെയ്ത ശേഷം പ്രിന്റൗട്ട് എടുത്ത് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതാണ്. ഗ്രേസ് മാർക്ക്, പുനർമൂല്യ നിർണ്ണയം തുടങ്ങിയ മാർക്കുകൾക്ക് മാറ്റം വന്നിട്ടുണ്ടെങ്കിൽ പുതിയ മാർക്കുകൾ നൽകി തിരുത്തലുകൾ വരുത്തുവാൻ ഈ അവസരം ഉപയോഗിക്കേണ്ടതാണ്. തിരുത്തലുകൾക്ക് വേണ്ടി സർവകലാശാലയെ സമീപിക്കേണ്ടതില്ല. ഓൺലൈൻ അപേക്ഷ അവസാന തീയതി 03.06.2019.

<u>പ്രത്യേക കുറിപ്പ്</u>: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## <u>സിൻഡിക്കേറ്റ് യോഗം</u>

യൂണിവേഴ്സിറ്റി എൻജിനീയറിങ് കോളേജിൽ അനുവദിക്കപ്പെട്ട മുഴുവൻ സീറ്റുകളിലേക്കുമുള്ള പ്രവേശനം മെറിറ്റ് അടിസ്ഥാനത്തിൽ തന്നെ നടത്താൻ സിൻഡിക്കേറ്റ് തീരുമാനമെടുത്തു. എൻജിനീയറിങ് കോളേജിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനുള്ള നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ഓരോ വിഭാഗത്തിലും പ്രാഗൽഭ്യം തെളിയിച്ചവരും പെൻഷൻ പറ്റിയവരുമായ അധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തുവാനും ഇന്ന് ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

എ.ഐ.സി.റ്റി.ഇ വെട്ടികുറച്ച സീറ്റുകൾ പുന:സ്ഥാപിക്കുന്നതിന് നിയമനടപടികൾ സ്വീകരിക്കുമെന്നും തീരുമാനമെടുത്തു. 14 ദിവസം കൊണ്ട് ആറാം സെമസ്റ്റർ ബി.കോം, ബി.എ, ബി.എസ്.സി എന്നിവയുടെ ഫലം പ്രസിദ്ധീകരിച്ച ജീവനക്കാരെ സിൻഡിക്കേറ്റ് യോഗം പ്രത്യേകം അഭിനന്ദിച്ചു. വിവിധ യു.ഐ.റ്റി കളിൽ പുതിയ കോഴ്സുകൾ തുടങ്ങാനും കോളേജുകളി-ലേയ്ക്കുള്ള പി.ജി പ്രവേശനത്തിനുള്ള വിജ്ഞാപനം മെയ് 27ന് നൽകാനും സിൻഡിക്കേറ്റ് തീരുമാനമായി. ബിരുദ ക്ലാസുകൾ ജൂൺ 24 നും ബിരുദാനന്തരബിരുദ ക്ലാസുകൾ ജൂൺ 17നും സി.എസ്.എസ് ബിരുദാനന്തരബിരുദ ക്ലാസുകൾ ജൂൺ 12 നും തുടങ്ങാൻ തീരുമാനിച്ചു. എല്ലാ കോളേജുകളിലും സ്റ്റുഡന്റ് പാലിയേറ്റീവ് ക്ലാസുകൾ കോളേജ് യൂണിയനുകളുടെയും എൻ.എസ്.എസ് യൂണിറ്റുകളുടെയും സഹകരണത്തോടെ ആരംഭിക്കും. കൂടാതെ 30 കോളേജുകളിൽ ഭരണഘടന സാക്ഷരതാ ക്ലാസുകളും നടത്തും. വിവിധ വിഷയങ്ങളിൽ 54 പേർക്ക് പി.എച്ച്.ഡി നൽകാനും ഇന്ന് ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

## <u>പി.എച്ച്.ഡി നൽകി</u>

ചിത്ര ജെ.എസ്, നിഷീത ബഷീർ എ, മുദലിയാർ പ്രശാന്ത് പാണ്ഡുരംഗ്, ബിനോയി കുര്യൻ (ബയോടെക്നോളജി), ഷിനിമോൾ എ.കെ, ദീപ ജി, വിനീത് കുമാർ ടി.വി, സന്തോഷ് എസ്.കെ (സുവോളജി), ശിൽപ എം, നർഗീസ് മോഹ്സിനിതൊക ബോനി (മാത്തമാറ്റിക്സ്), സൂര്യ ബി കുറുപ്പ്, ശ്രീക്കുട്ടി എം.എസ് (ബയോകെമിസ്ട്രി), കൃഷ്ണ പ്രിയ ആർ (അക്വാട്ടിക് ബയോളജി & ഫിഷറീസ്), യമുന കെ മൂർത്തി (ഇല ക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്), പ്രഭാ കുമാരി കെ.എസ്, സൂസൻ റോസ് (സിവിൽ എഞ്ചിനീയറിംഗ്), ഇ ഏഴിൽ രാജൻ (കമ്പ്യൂട്ടർ സയൻസ്), മഞ്ജു കെ.എൻ, രോഹിണി കെ.കെ (ഹിന്ദി), വിനീത ടി, ധന്യ എം, ബിനുകുമാർ ബി.ജെ (ഇക്കണോമിക്സ്), അമൽ കുമാർ പി, സന്ധ്യ എസ്, സ്റ്റീഫൻ മാത്യു (കൊമേ ഴ്സ്), വി.കെ ശോഭ, ചിത്ര മോഹൻ കെ, ഉണ്ണിമായ പി.എസ് (മാനേജ്മെന്റ് സ്റ്റഡീസ്), സനിത ബീവി എ, സൗമ്യ ആർ.എസ് (ഹിസ്റ്ററി), രാജലക്ഷ്മി കെ.എൽ, വെൽമ മോഹൻ, അശ്വതി എ, സൂസി ആന്റണി, ആന്റോ എ പോൾ, അനു ആർ കുമാർ (ഇംഗ്ലീ ഷ്), റാണി ജി.ജെ, ലീന വാഹിദ്, ദുർഗ ലക്ഷ്മി ജി.എസ്, പ്രിയ ഡൊമിനിക് (എഡ്യൂ ക്കേഷൻ), അഫ്സീർ കെ.പി (സോഷ്യൽ വർക്), ആതിര ജി.കെ, ആഭ കെ, ശശികു മാർ പി, ശ്രീലക്ഷ്മി ആർ.വി (കെമിസ്ട്രി), രമ്യ കൃഷ്ണൻ ആർ.വി (ബോട്ടണി), രാകേഷ് ചന്ദ്രൻ എസ്.ബി, സജി എസ്.കെ, ധന്യ ചന്ദ്രൻ (ഫിസിക്സ്), അലക്സ്

ജേക്കബ് എസ് (തമിഴ്), മോഹനകുമാരൻ നായർ കെ (പൊളിറ്റിക്കൽ സയൻസ്), ദിവ്യശ്രീ ജി.പി (മ്യൂസിക്), രമ വി (മലയാളം) എന്നിവർക്ക് പി.എച്ച്.ഡി നൽകാൻ ഇന്ന് ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

തിരുവനന്തപുരം,
25-05-2019



പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്)

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098